# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.05.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് രാജ്യത്തിന്റെ ഓരോ കോണിലും വികസനം എത്തേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി .

   **In order to build a developed India, development must reach every corner of the country, says PM Narendra Modi.**

2. ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര ചർച്ചകൾക്കായി നിയോഗിച്ച ഇന്ത്യൻ പ്രതിനിധി സംഘങ്ങൾ വിവിധ രാജ്യങ്ങളിൽ പര്യടനം തുടരുന്നു. ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സംഘം നാളെ യാത്ര തിരിക്കും.

   **Multi-party delegations under India's aggressive global campaign to expose Pakistan-sponsored terrorism continue visits to various countries. A team lead by Shashi Tharoor MP will depart tomorrow.**

3. സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങൾക്ക് ഇന്ന് സമാപനം. സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പുറത്തിറക്കും.

   **The fourth anniversary celebrations of LDF Government to be concluded in Kerala today. CM Pinarayi Vijayan will release the progress report of the Government.**

4. മണിപ്പൂരിൽ, ആഭ്യന്തര കലാപം സംബന്ധിച്ച കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക എൻഐഎ കോടതിയെ ചുമതലപ്പെടുത്തി കേന്ദ്രസർക്കാർ.

**Government constitutes special NIA court in Manipur for trial of cases related to ethnic violence.**

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

**In IPL cricket, Lucknow Super Giants records 33-run victory over table-toppers Gujarat Titans in Ahmedabad.**

6. കേരളത്തിൽ വ്യാപക മഴ തുടരുമെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത.

**IMD predicts widespread rainfall in Kerala. Yellow alert issued in all districts.**

**Titans.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

**PM NORTHEAST SUMMIT (INTRO)**

*വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് രാജ്യത്തിന്റെ ഓരോ കോണിലും വികസനം എത്തേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . വടക്കു കിഴക്കൻ മേഖലയുടെ വികസനത്തിന് അതിൽ നിർണായക സ്ഥാനമുണ്ടെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ റൈസിംഗ് നോർത്ത് ഈസ്റ്റ് നിക്ഷേപക ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി . കഴിഞ്ഞ 11 വർഷത്തിനിടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ വലിയ തോതിലുള്ള വികസനമാണ് ഉണ്ടായതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.*

*(ഹോൾഡ് വോയ്സ്.......)*

*നാനാത്വങ്ങളുടെ രാജ്യത്ത് വൈവിധ്യങ്ങളാൽ സമ്പന്നമായ ഇടമാണ്*

വടക്കുകിഴക്കൻ മേഖലയെന്നും പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രമന്ത്രിമാരായ അമിത് ഷാ, ജ്യോതിരാദിത്യ സിന്ധ്യ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. വടക്കുകിഴക്കൻ മേഖലയെ അവസരങ്ങളുടെ നാടായി ഉയർത്തിക്കാട്ടുന്നതിനും, ആഗോള- ആഭ്യന്തര നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമാണ് രണ്ട് ദിവസത്തെ റൈസിംഗ് നോർത്ത് ഈസ്റ്റ് നിക്ഷേപക ഉച്ചകോടി ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## HEAD LINE – 2

**DAY ALL PARTY DELEGATION VISIT (INTRO)**

ഓപ്പറേഷൻ സിന്ദൂർ സംബന്ധിച്ച നയതന്ത്ര പര്യടനത്തിനായി കനിമൊഴി എംപിയുടെ നേതൃത്വത്തിലുള്ള മൂന്നാമത്തെ സംഘം റഷ്യയിലെത്തി. ഇന്ത്യയുടെ തന്ത്രപരമായ പങ്കാളിയാണ് റഷ്യയെന്നും, നയതന്ത്ര വിഷയങ്ങളിലും വ്യാപാരത്തിലും ഇരു രാജ്യങ്ങളും എപ്പോഴും ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ടെന്നും കനിമൊഴി കരുണാനിധി പറഞ്ഞു.

(ഹോൾഡ് വോയ്സ് കനിമൊഴി.....)

സ്പെയിൻ, ഗ്രീസ്, സ്ലോവേനിയ, ലാത്വിയ, എന്നീ രാജ്യങ്ങളിലും സംഘം സന്ദർശനം നടത്തും. സഞ്ജയ് ഝായുടെ നേതൃത്വത്തിലുള്ള സംഘം ബ്രസീൽ, ഓസ്ട്രേലിയ, കൊളംബിയ, ഗ്രീസ്, ദക്ഷിണ കൊറിയ എന്നീ രാജ്യങ്ങളുടെ എംബാസിഡർമാരുമായി ജപ്പാനിൽ കൂടിക്കാഴ്ച നടത്തി. ആഗോള തലത്തിലെ ഭീകരാക്രമണങ്ങൾക്ക് എല്ലാം പാകിസ്ഥാനുമായി ബന്ധമുണ്ടെന്നും ഇന്ത്യൻ പൗരന്മാർക്ക് നേരെ ആക്രമണമുണ്ടായാൽ ശക്തമായി തിരിച്ചടിക്കുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ് സഞ്ജയ് ഝാ.....)

***ശിവസേന എംപി ശ്രീകാന്ത് ഷിൻഡെയുടെ നേതൃത്വത്തിലുള്ള സംഘം ഇന്നലെ അബുദാബിയിൽ എത്തിയിരുന്നു. യുഎഇ നേതാക്കളുമായി സംഘം കൂടിക്കാഴ്ച നടത്തി. നാല് സംഘങ്ങൾ വരും ദിവസങ്ങളിൽ വിവിധ രാജ്യങ്ങളിൽ സന്ദർശനം നടത്തും.***

&&&&&&&&&&&&&&&&&&

**FOREIGN SECY BRIEFING**

നയതന്ത്രപര്യടനത്തിനായി പുറപ്പെടുന്ന എംപിമാരുടെ പ്രതിനിധി സംഘങ്ങളുമായി വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി ഇന്ന് കൂടിക്കാഴ്ച നടത്തും. ശശി തരൂർ, ബൈജയന്ത് പാണ്ഡ, സുപ്രിയ സുലേ എന്നിവരുടെ നേതൃത്വത്തിലുള്ള മൂന്ന് സർവകക്ഷി സംഘങ്ങൾ നാളെയും, രവിശങ്കർ പ്രസാദിൻറെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം മറ്റന്നാളുമാണ് വിദേശ പര്യടനം ആരംഭിക്കുക. യുഎസ്, പനാമ, ഗയാന, ബ്രസീൽ, കൊളംബിയ എന്നീ രാജ്യങ്ങളിലാണ് ശശി തരൂർ എംപിയുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശനം നടത്തുക. ബൈജയന്ത് പാണ്ഡയുടെ നേതൃത്വത്തിലുള്ള സംഘം സൗദി, കുവൈറ്റ്, ബഹ്റൈൻ, അൾജീരിയ എന്നീ രാജ്യങ്ങളും, സുപ്രിയാ സുലേ നയിക്കുന്ന സംഘം ഈജിപ്ത്, ഖത്തർ, എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളും സന്ദർശിക്കും. യുകെ, ഫ്രാൻസ്, ജർമനി, യൂറോപ്യൻ യൂണിയൻ, ഇറ്റലി, ഡെന്മാർക്ക് എന്നീ രാജ്യങ്ങളിലാണ് രവിശങ്കർ പ്രസാദിന്റെ നേതൃത്വത്തിലുള്ള സംഘം നയതന്ത്ര പര്യടനം നടത്തുക.

&&&&&&&&&&&&&&&&&&

## HEAD LINE – 3

**ENTE KERALAM**

സംസ്ഥാന സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനം തിരുവനന്തപുരത്തെ പുത്തരിക്കണ്ടം മൈതാനിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകുന്നേരം ഉദ്ഘാടനം ചെയ്യും. സർക്കാരിന്റെ കഴിഞ്ഞ നാല് വർഷത്തെ പ്രോഗ്രസ്സ് റിപ്പോർട്ടും മുഖ്യമന്ത്രി പ്രകാശനം ചെയ്യും. കഴിഞ്ഞ മാസം 21ന് കാസർഗോഡ് നിന്ന് തുടക്കം കുറിച്ച വാർഷികാഘോഷങ്ങൾക്കാണ് ഇന്ന് സമാപനമാവുന്നത്. ഇതോടനുബന്ധിച്ച് തിരുവനന്തപുരത്ത് നടക്കുന്ന ജില്ലാതല യോഗം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് രാവിലെ ഉദ്ഘാടനം

ചെയ്തു. സംസ്ഥാനത്തിന്റെ കടക്കെണി, ആഭ്യന്തര വളർച്ച, വികസനപദ്ധതികൾ എന്നിവ സംബന്ധിച്ച് ഒട്ടേറെ വ്യാജപ്രചരണങ്ങൾ കേരളത്തെക്കുറിച്ച് പുറത്തുവരുന്നതായി മുഖ്യമന്ത്രി ചടങ്ങിൽ

പറഞ്ഞു. സംസ്ഥാനം കടക്കെണിയിൽ അല്ലെന്നും, ആർ ബി ഐ യുടെ

കണക്കുകൾ പ്രകാരം കഴിഞ്ഞ വർഷത്തെ കേരളത്തിൻറെ കടവും ആഭ്യന്തരവരുമാനവും തമ്മിലുള്ള അനുപാതം മറ്റു സംസ്ഥാനങ്ങളേക്കാൾ കുറവാണെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**SABARIMALA – HC**

കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലയളവിൽ ശബരിമലയിലും പരിസര പ്രദേശങ്ങളിലും മാലിന്യം നിക്ഷേപിച്ച വ്യക്തികൾക്കെതിരെ വന്യജീവി സംരക്ഷണ നിയമപ്രകാരം നടപടിയെടുക്കാൻ കേരള ഹൈക്കോടതി ഉത്തരവിട്ടു. പ്ലാസ്റ്റിക് മാലിന്യങ്ങൾ കഴിച്ച് രണ്ട് ആനകളും ഗർഭിണിയായ മാനും ചത്തതായി പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിന്റെ ഡെപ്യൂട്ടി ഡയറക്ടർ കോടതിയെ അറിയിച്ചിരുന്നു . ഇതിൻറെ പശ്ചാത്തലത്തുലാണ് നടപടി. മാലിന്യം ഭക്ഷിക്കാൻ ആനകൾ ഉൾപ്പടെ കൂട്ടമായി വരുന്ന സാഹചര്യം ഉണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു.

&&&&&&&&&&&&&&&&&&

## HEAD LINE – 4

**NIA – Manipur**

മണിപ്പൂരിൽ, ആഭ്യന്തര കലാപം സംബന്ധിച്ച കേസുകളുടെ വിചാരണയ്ക്കായി പ്രത്യേക എൻഐഎ കോടതിയെ കേന്ദ്രസർക്കാർ ചുമതലപ്പെടുത്തി. മണിപ്പൂർ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായുള്ള കൂടിയാലോചനകൾക്ക് ശേഷമാണ്, ചുരാചന്ദ്പൂർ ജില്ലയിലെ സെഷൻസ് കോടതിയെ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഇതിനായി നിയോഗിച്ചത്. മണിപ്പൂരിലുടനീളം പ്രത്യേക കോടതിയ്ക്ക് അധികാരപരിധി ഉണ്ടായിരിക്കുമെന്ന് വിജ്ഞാപനത്തിൽ പറയുന്നു.

&&&&&&&&&&&&&&&&&&

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.........

&&&&&&&&&&&&&&&&&&

## DU RAHUL GANDHI

മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഇന്നലെ ഡൽഹി യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടത്തിയ അപ്രതീക്ഷിത സന്ദർശനത്തിൽ എതിർപ്പ് അറിയിച്ച് സർവകലാശാല പ്രസ്താവന പുറത്തിറക്കി. രാഹുൽ ഗാന്ധി സ്റ്റുഡന്റ്സ് യൂണിയൻ ഓഫീസിൽ തങ്ങിയ ഒരു മണിക്കൂറിലധികം നേരം ഇവിടെ കനത്ത സുരക്ഷാ വലയം ഒരുക്കിയിരുന്നു. ഇത് രണ്ടാം തവണയാണ് യാതൊരു അറിയിപ്പും കൂടാതെ അദ്ദേഹം ഇവിടെ എത്തുന്നതെന്നും സന്ദർശനത്തെ അപലപിച്ചുകൊണ്ട് ഡൽഹി സർവകലാശാല വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## CBI – SATYA PAL MALIK

ജമ്മു കശ്മീരിലെ കിരു ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട അഴിമതി കേസിൽ ജമ്മു കശ്മീർ മുൻ ഗവർണർ സത്യപാൽ മാലിക്കിനും മറ്റ് അഞ്ച് പേർക്കുമെതിരെ സി.ബി.ഐ കുറ്റപത്രം സമർപ്പിച്ചു. 2022 ൽ, കിരു ജലവൈദ്യുത പദ്ധതിയിൽ സിവിൽ ജോലികൾക്കായി 2,200 കോടി രൂപയുടെ കരാർ അനുവദിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട കേസിലാണ് നടപടി.

&&&&&&&&&&&&&&&&&&

## CHHATTISGARH-ENCOUNTER

ഛത്തീസ്ഗഢിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഒരു നക്സലൈറ്റ് കൊല്ലപ്പെട്ടു. സുക്മ ജില്ലയിലെ കിസ്റ്റാറാം പ്രദേശത്താണ് ഏറ്റുമുട്ടൽ നടന്നത്. പ്രദേശത്ത് മാവോയിസ്റ്റുകളുടെ

സാന്നിധ്യമുണ്ടെന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സേനാ വിഭാഗങ്ങൾ സംയുക്തമായി നടത്തിയ തിരച്ചിലിനിടെയാണ് ഏറ്റുമുട്ടൽ.

&&&&&&&&&&&&&&&&&&

## HEAD LINE – 5

### IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു, സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും . രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം .ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെ ലഖ്നൗ സൂപ്പർ ജയന്റ്സ് 33 റൺസിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&&

## HEAD LINE- 6

### RAIN

സംസ്ഥാനത്ത് കാലവർഷം അടുത്ത രണ്ട് ദിവസത്തിനുള്ളിലെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. എല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. അറബിക്കടലിലെയും, ബംഗാൾ ഉൾക്കടലിലെയും ന്യൂനമർദ്ദത്തിൻറെ സ്വാധീനത്താൽ സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വ്യാപക മഴ തുടരും. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 26 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&&&

### MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 25 ന്. പരിപാടിയുടെ 122 -ാം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും

നരേന്ദ്രമോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും അറിയിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

&&&&&&&&&&&&&&&&&&&

**DONALD TRUMP- Harvard University**

ഹാർവാർഡ് സർവകലാശാലയിൽ അന്താരാഷ്ട്ര വിദ്യാർത്ഥികളെ സ്വീകരിക്കുന്നത് വിലക്കി ട്രംപ് ഭരണകൂടം. ഇതുസംബന്ധിച്ച് യുഎസ് ഹോംലാൻഡ് സെക്രട്ടറി ക്രിസ്റ്റി നോം, സർവകലാശാലയ്ക്ക് കത്ത് എഴുതി. ഹാർവാഡിലെ നിലവിലുള്ള വിദേശ വിദ്യാർത്ഥികളെ മറ്റ് സർവ്വകലാശാലകളിലേക്ക് മാറ്റുന്നതിനും, വിദ്യാർത്ഥികളുടെ നിയമപരമായ പദവി നഷ്ടപ്പെടുത്താനും ഈ നീക്കം കാരണമാവുമെന്ന് കത്തിൽ പറഞ്ഞു. യുഎസ് സർക്കാരിന്റെ നിബന്ധനകൾ പാലിക്കുന്നതിൽ ഹാർവാർഡ് സർവകലാശാല പരാജയപ്പെട്ടതിനാലാണ് നടപടിയെന്നും കത്തിൽ ചൂണ്ടിക്കാട്ടുന്നു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&